സർക്കാർ ഹയർ സെക്കണ്ടറി സ്ക്കൂളുകളിൽ ഭാഷാദ്ധ്യാപക തസ്തികകൾ

151 [2417] ശ്രീ. നാലകത്ത് സൂപ്പി:
,, സി. മോയീൻകുട്ടി:
,, കെ. എൻ. എ. ഖാദർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഹയർ സെക്കണ്ടറി സ്ക്കൂളുകളിൽ ഭാഷാദ്ധ്യാപക തസ്തികകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡം എന്താണ് എന്ന് വിശദമാക്കുമോ;

(ബി) ഭാഷാദ്ധ്യാപക തസ്തികകൾ എച്ച്. എസ്. എസ്. ടി. സീനിയർ, എച്ച്.എസ്.എസ്.ടി. ജൂനിയർ എന്നിങ്ങനെ വേർതിരിക്കുന്നതിനാവശ്യമായ വിദ്യാർത്ഥികളുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) ഹയർ സെക്കണ്ടറി സ്ക്കൂളുകളിൽ നിലവിൽ അറബി ഭാഷ പഠിക്കുന്ന വിദ്ധ്യാർത്ഥികളുടെ എണ്ണം അറുപതിൽ കൂടുതലുള്ള സ്ക്കൂളുകൾ എത്രയെണ്ണമുണ്ട്;

(ഡി) അറബി ഭാഷ പഠിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ എച്ച്.എസ്.എസ്.ടി. സീനിയർ അറബിക്ക് തസ്തികകൾ അനുവദിച്ചിട്ടുണ്ടോ;

(ഇ) 2001-ന് ശേഷം എച്ച്.എസ്.എസ്.ടി. സീനിയർ അറബിക്ക് തസ്തികയിലെ എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(എഫ്) ഇല്ലെങ്കിൽ ഈ ഒഴിവുകൾ എന്ന് റിപ്പോർട്ട് ചെയ്യും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കുറഞ്ഞത് പത്ത് കുട്ടികൾ ഒരു ഭാഷ ഓപ്ടു ചെയ്യുകയും ആഴ്ചയിൽ 12 പീരിയഡിൽ കുറയാതെ ഉണ്ടാവുകയും ചെയ്താൽ ഒരു ജൂനിയർ അദ്ധ്യാപക തസ്തിക അനുവദിക്കാമെന്നതാണ് വ്യവസ്ഥ.

(ബി) ഹയർ സെക്കണ്ടറി അദ്ധ്യാപകരെ ജൂനിയർ/സീനിയർ എന്ന് വേർതിരിക്കുന്നത് അവർ കൈകാര്യം ചെയ്യുന്ന പീരിയഡുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലാണ്.

(സി) സർക്കാർ മേഖലയിൽ 16 സ്ക്കൂളുകൾ.

(ഡി) അറബി ഭാഷ പഠിപ്പിക്കുന്ന പീരിയഡുകളുടെ അടിസ്ഥാനത്തിൽ സീനിയർ അറബിക്ക് തസ്തികകൾ അനുവദിച്ചിട്ടുണ്ട്.

(ഇ & എഫ്) 2001-ന് ശേഷം സീനിയർ അറബിക്ക് തസ്തികയിൽ ഒഴിവുകൾ ഉണ്ടായിട്ടില്ല. 2004-05-ൽ അനുവദിച്ച സ്ക്കൂളുകളിൽ ഉണ്ടാകാവുന്ന തസ്തികകൾ ഒന്നാം വർഷ ക്ലാസുകൾ ആരംഭിച്ചതിനുശേഷം സ്റ്റാഫ് ഫിക്സേഷൻ നടത്തിയേ നിർണ്ണയിക്കാൻ സാധിക്കുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly